## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -3766

17.12.2015-ലെ മറുപടിക്ക്

### കേപ്പിന്റെ ആശുപത്രി സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അൻവർ സാദത്ത് : | | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിൽ കേപ്പിന്റെ കീഴിലുള്ള സഹകരണ ആശുപത്രിയുടെ പ്രവർത്തനങ്ങളെയും നിയമനങ്ങളെയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലുണ്ടോ ; | (എ) & (ബി) | ആലപ്പുഴ ജില്ലയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിലുള്ള പുന്നപ്ര സഹകരണ ആശുപത്രിയിൽ 28.02.2011 മുതൽ 23.05.2011 വരെയുള്ള കാലയളവിൽ 01.03.2011-ലെ എക്സിക്യൂട്ടീവ് തീരുമാനത്തിനു വിരുദ്ധമായി അനധികൃതമായി 185 കരാർ ജീവനക്കാരുടെ കരാർ നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ.02/2014/എ.എൽ.പി) ടി വിജിലൻസ് അന്വേഷണത്തിൽ മുൻ കേപ്പ് ഡയറക്ടർ ശ്രീ.റിജി.ജി.നായർക്ക് എതിരായി പ്രഥമ ദൃഷ്ട്യാ ആരോപണം തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് (വി.സി.13/2015/എ.എൽ.പി) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു. |
| (ബി) ഇതിന്റെ തൽസ്ഥിതി വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ